കാരുണികൻ
Vol.17 No.08 August 2020
സമഗ്രദൈവശാസ്ത്രമാസിക

# വചനബോധി

## സീറോ മലങ്കര

Karunikan Magazine
Perumanoor P.O
Thevara - 682 015, Cochin
0484- 2663933, 9496468035
www.karunikan.com,
vachanabodhik@gmail.com

www.malankaralibrary.com

# വചനബോധി
## സീറോമലങ്കര

**പത്രാധിപസമിതി**

- ഫാ.ജോയി ചെഞ്ചേരിൽ (എഡിറ്റർ)
- ഫാ.ജെറിൻ വലിയപറമ്പിൽ
- ഫാ.ചാക്കോ വടക്കേത്തലയ്ക്കൽ

# ഉള്ളടക്കം

**സെപ്തംബർ 06**
തേജസ്കരണ ശേഷം 5-ാം ഞായർ : 03
ലൂക്കാ 18:18-30
- ഡോ. മാത്യു വെള്ളാനിക്കൽ
- ഫാ. ഐസക് സാം പത്തിയിൽ oic

**സെപ്തംബർ 08**
വി. ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ : 07
യോഹ 19:25-27
- ഡോ. ജോൺ എഫ്. ചെറിയവെളി vc

**സെപ്തംബർ 13**
തേജസ്കരണശേഷം 6-ാം ഞായർ : 11
ലൂക്കാ 21:34-38
- ഡോ. മാത്യു വെള്ളാനിക്കൽ
- ഫാ. തോമസ് തൈക്കാട്ട്

**സെപ്തംബർ 20**
സ്ലീബാപ്പെരുന്നാളിനുശേഷം 1-ാം ഞായർ : 15
മർക്കോ 13:28-37
- ഡോ. പോൾ കുഞ്ഞാനയിൽ mcbs
- ഫാ. ജിയോ oic

**സെപ്തംബർ 27**
സ്ലീബാപ്പെരുന്നാളിനുശേഷം 2-ാം ഞായർ : 19
മത്താ 16:5-12
- ഡോ. പോൾ കുഞ്ഞാനയിൽ mcbs
- ഫാ. മാത്യു ചിറയിൽ

www.malankaralibrary.com

വചനബോധി
സീറോമലങ്കര

സെപ്തം
06

# തേജസ്കരണശേഷം 9–ാം ഞായർ

# ഭാഷ്യം

## ലൂക്കാ 18:18-30

## സന്ദർഭം

ധനികനായ അധികാരിയും ഈശോയും തമ്മിലുള്ള ഒരു സംഭാഷണമായാണ് ലൂക്കാസുവിശേഷകൻ ഈ വചനഭാഗം അവതരിപ്പിക്കുന്നത്. നിത്യജീവൻ അവകാശപ്പെടുത്താൻ എന്തുചെയ്യണമെന്നു ചോദിച്ച അധികാരിക്ക് ഈശോ പത്തുപ്രമാണങ്ങളിൽ അഞ്ചെണ്ണം (പുറ 20:2-17; നിയ 5:6-21) ചൂണ്ടിക്കാണിച്ചുകൊടുക്കുന്നു. അവയെല്ലാം ചെറുപ്പംമുതൽ പാലിച്ചിട്ടുണ്ടെന്നുപറഞ്ഞ അയാ ൾക്ക് എന്താണു കുറവുള്ളതെന്ന് ഈശോ മനസ്സിലാക്കിക്കൊടുക്കുന്നു. സമ്പത്തിനോടുള്ള അയാളുടെ അമിതമായ പ്രതിപത്തിയാണ് നിത്യജീവനിലേക്കുള്ള വിലങ്ങുതടിയായി നില്ക്കുന്നതെന്നുകണ്ട ഈശോ അയാളോടു പറഞ്ഞത് അയാൾ തന്റെ സമ്പത്തുമുഴുവൻ വിറ്റ് പാവങ്ങൾക്കു നല്കിയിട്ട് തന്റെ പിന്നാലെ വരണമെന്നാണ്.

## സാരം

മിശിഹാശിഷ്യത്വത്തിലേക്കുള്ള വിളിയാണ് ധനികനായ ആ അധികാരിക്കു ഈശോ നല്കിയത്. 'എന്നെ അനുഗമിക്കുക' എന്ന വചനം അതാണ് സൂചിപ്പിക്കുന്നത്. ശിഷ്യത്വത്തിന്റെ മുഖമുദ്ര 'ഈശോയെ അനുഗമിക്കലാ'ണ്. 'എന്നെ അനുഗമിക്കുക' എന്ന ആഹ്വാനമാണ് ഈശോ ശിഷ്യർക്കും നല്കുന്നത്. നിത്യജീവൻ അവകാശമാക്കാൻ എന്തുചെയ്യണമെന്നാണ് അയാൾ ഈശോയോടു ചോദിച്ചത്. നിത്യജീവൻ ലഭിക്കുന്നത് ഈശോയിൽ വിശ്വസിക്കുന്നവർക്കാണ് (യോഹ 3:30). ഈശോയിൽ വിശ്വസിക്കാനുള്ള വിളി മിശിഹാശിഷ്യത്വത്തിലേക്കുള്ള വിളിയാണ്. മാമ്മോദീസാ സ്വീകരിച്ച് ഈശോയുടെ ശിഷ്യരാകാനുള്ള ഒരു വിശ്വാസിസമൂഹമായിത്തീരാനുള്ള വിളിയാണ് അത് (മത്താ 28:19). ഈ വിളി സ്വീകരിക്കാൻ



www.malankaralibrary.com

തടസ്സമായി നില്ക്കുന്നത് ഈലോകസമ്പത്തിനോടുള്ള ആസക്തി യാണ്. അതുകൊണ്ടാണ് 'സമ്പത്തുള്ളവർ ദൈവരാജ്യത്തിൽ പ്രവേ ശിക്കുന്നത് എത്ര ദുഷ്കരം' (18:24-25) എന്ന് ഈശോ പറഞ്ഞത്.

## സന്ദേശം

ഈശോയിൽ വിശ്വസിക്കുന്നവരുടെ സമൂഹമാണല്ലോ സഭ. സ ഭാംഗങ്ങളായ നമ്മുടെ വിശ്വാസജീവിതത്തിനും ദൈവപ്രമാണങ്ങ ൾക്കനുസൃതമായ ജീവിതത്തിനും പലപ്പോഴും തടസ്സമായി നില്ക്കു ന്നത് നമ്മുടെ ലോകതാല്പര്യങ്ങളാണ്. ദൈവപ്രമാണങ്ങളുടെ സം ഗ്രഹം ദൈവസ്നേഹവും പരസ്നേഹവുമാണല്ലോ. ഈശോയുടെ പുതിയ കല്പനയാകുന്ന പരസ്പരസ്നേഹം എല്ലാ കല്പനകളും ഉൾക്കൊള്ളുന്നതാണ് (യോഹ 13:34-35). അതിന് ഏറ്റവും തടസ്സ മായി നില്ക്കുന്നത് ഭൗതികതാല്പര്യങ്ങളും വ്യഗ്രതകളുമാണ്. അ തുകൊണ്ട് ലൗകികസമ്പത്തിനോടുള്ള ആസക്തി വെടിഞ്ഞ് സമ്പൂ ർണ സമർപ്പണജീവിതം നയിച്ച് മിശിഹാശിഷ്യത്വം ജീവിക്കാൻ ന മുക്കു പരിശ്രമിക്കാം.

**ഡോ. മാത്യു വെള്ളാനിക്കൽ**

---

# പ്രസംഗം

## ഉപേക്ഷയിലൂടെ നിത്യജീവനിലേക്ക്

'നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തുചെയ്യണം?' എന്ന ചോദ്യത്തോടുകൂടെ സുവിശേഷഭാഗം ആരംഭിക്കുന്നു. നിത്യജീവൻ പ്രാപിക്കാനുള്ള മാർഗവും അതിന് ശിഷ്യന്മാരെ ഒരുക്കുന്നതുമാണ് പ്രതിപാദ്യവിഷയം. പ്രമാണങ്ങളുടെ അക്ഷരം വള്ളിപുള്ളി തെറ്റാ തെയുള്ള അനുഷ്ഠാനമാണ് നിത്യജീവന്റെ ആധാരമെന്ന് മനഃപാ ഠമാക്കിവച്ച യഹൂദരുടെ ചിന്താഗതിയെ യേശു തിരുത്തുന്നു. കല്പ നകളുടെ ബാഹ്യാനുഷ്ഠാനങ്ങളേക്കാളുപരി ക്രിസ്തുവിനെ പിൻചെ ല്ലുന്നതാണ് നിത്യജീവൻ പ്രാപിക്കാനുള്ള മാർഗം എന്ന് അവൻ വെളിപ്പെടുത്തുന്നു. തന്നെ അനുഗമിക്കുക എന്നത് അത്ര എളുപ്പ മുള്ള കാര്യമല്ല എന്നാണ് ക്രിസ്തു പറയുന്നത്. അനുഗമിക്കാനുള്ള തീവ്രാഭിലാഷം ഒരുവശത്തെങ്കിൽ മറുവശത്ത് സമ്പൂർണസമർപ്പ ണത്തിന്റെ പ്രതിബന്ധമായിമാറുന്ന എന്തൊക്കെയോ ഉൾവിലങ്ങു കൾ. അനുഗമിക്കാനാഗ്രഹിക്കുന്ന ഏതൊരു വ്യക്തിയുടെയും സ്വകാ



www.malankaralibrary.com

ദ്യവേദന, തടസ്സം ഒരുപക്ഷേ ധനമാകാം, ഉപേക്ഷിച്ചുപോന്ന വള്ളവും വലയുമാകാം, ഇറങ്ങിപ്പോന്ന ബന്ധങ്ങളുടെ കാണാചരടുകളാവാം. ധനവാന്റെ കുറവ് എന്തെന്ന് ക്രിസ്തു ചൂണ്ടിക്കാട്ടുന്നു.

**നിനക്ക് ഒരു കുറവുണ്ട്**

ഈ വചനം ധനികനായ മനുഷ്യന് ഒരു വെളിപാടായിരുന്നു. തൊട്ടുപിന്നിൽ സമ്പത്തും മുന്നിൽ രക്ഷകനായ ക്രിസ്തുവും നില്ക്കുമ്പോൾ ഏത് തിരഞ്ഞെടുക്കണമെന്ന ആശങ്ക. ഒടുവിൽ സമ്പത്തിന്റെ പിന്നോട്ടുള്ള ആകർഷണത്തിൽപ്പെട്ട് വിഷാദത്തോടെ തിരികെപോവുകയാണ് ഈ വ്യക്തി. ഓരോ ക്രിസ്തുശിഷ്യനെയും ഈ സംഭവം ചിലതൊക്കെ ഓർമിപ്പിക്കുന്നു. ഉപേക്ഷ എന്ന ശിഷ്യത്വനിയമം ഉൾക്കൊള്ളാനാവാതെ തിരികെ തന്റെ ഭൂമിയിലെ നിക്ഷേപങ്ങളിലേക്ക് നടന്നകലുന്നു ഈ വ്യക്തി. എല്ലാവരും ശിഷ്യരുടെ എണ്ണം പതിമൂന്നാകുമെന്ന് കരുതിനില്ക്കുമ്പോൾ യേശു അയാളെ തിരികെ അയക്കുന്നു. ക്രിസ്താനുഗമനത്തിൽനിന്ന് ഏതൊക്കെ ഘടകങ്ങൾ ഒരു വ്യക്തിയെ അകറ്റുന്നുവോ അതെല്ലാം അവന്റെ കുറവുകളാണ്. സ്വന്തമെന്ന് കരുതുന്ന പലതിനെയും ഉപേക്ഷിക്കുമ്പോൾ ഒരു വലിയ ലക്ഷ്യത്തിലേക്കുള്ള വാതായനമാണ് തുറക്കപ്പെടുന്നത്; നിത്യജീവനിലേക്കുള്ള കവാടം. സമ്പത്ത്, സ്വാധീനം, അധികാരം, സൗന്ദര്യം ഇവയ്ക്കെല്ലാംമീതെ പ്രതിഷ്ഠിക്കേണ്ട ജീവിതനിക്ഷേപമാണ് ക്രിസ്തു. നിത്യജീവൻ ലക്ഷ്യമാക്കിയുള്ള വിളിയിൽ 'കുറവുകളിൽ' തട്ടിവീഴാതെ മുന്നേറാൻ ഓരോ ക്രിസ്തുശിഷ്യനും ഇടവരട്ടെ.

**സമ്പത്ത് ദൈവരാജ്യത്തിന് തടസ്സമോ?**

ധനികർ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നത് വിഷമകരമാണെന്ന് സമർത്ഥിക്കാൻ പോരുന്നതാണ് ഒട്ടകത്തിന്റെയും സൂചിക്കുഴയുടെയും ഉപമ. ധനമോഹത്തിൽനിന്ന് ആന്തരികമായി സ്വാതന്ത്ര്യം നേടുക പ്രയാസകരമാണ്. അത്രമേൽ സ്വാധീനശക്തി ധനത്തിന്മേൽ മനുഷ്യമനസ്സിന് ഉണ്ടെന്നുള്ളത് ധനികനായ മനുഷ്യന്റെ ഉദാഹരണം. അതിനാൽത്തന്നെ അത് നിത്യജീവൻ പ്രാപിക്കുന്നതിന് തടസ്സമാണ്. സമ്പത്ത് ദൈവരാജ്യത്തിലേക്ക് പ്രവേശിക്കാൻ തടസ്സമാണ് എന്നതിലുപരി അത് എപ്രകാരം സ്വർഗരാജ്യത്തിലേക്കുള്ള ആദ്യചവിട്ടുപടിയായി ഉപയോഗിക്കാം എന്നാണ് വചനം പങ്കുവയ്ക്കുന്നത്.



www.malankaralibrary.com

സാമ്പത്തികസുസ്ഥിതിയുണ്ടായിരുന്ന ബഥാനിയായിലെ സഹോദരികളോടും (ലൂക്കാ 10:28) തന്റെ സമ്പത്തിന്റെ പകുതി ദരിദ്രർക്ക് പങ്കുവയ്ക്കുന്ന സക്കേവൂസിനോടും (ലൂക്കാ 19:1-10) യേശുവിന് നല്ല ബന്ധമാണുണ്ടായിരുന്നത്. സക്കേവൂസിനോട് യേശു പറയുന്നുണ്ട്: "ഇന്ന് ഈ ഭവനത്തിന് രക്ഷ ലഭിച്ചിരിക്കുന്നു" എന്ന്. തന്റെ സമ്പത്തുകൊണ്ട് യേശുവിനെയും ശിഷ്യന്മാരെയും ശുശ്രൂഷിച്ചിരുന്ന സ്ത്രീകളെക്കുറിച്ച് യേശുവിന് മതിപ്പുണ്ടായിരുന്നു (ലൂക്കാ 8:3). യേശു ധനത്തെയോ ധനവാന്മാരെയോ വെറുത്തിരുന്നില്ല. മറിച്ച് ക്രിസ്തുവിനെ അനുഗമിക്കുന്നതിൽനിന്നും ഒരു വ്യക്തിയെ പിന്തിരിപ്പിക്കുന്ന ധനമോഹത്തെ അവൻ വെറുത്തിരുന്നു എന്ന് വചനം വ്യക്തമാക്കുന്നു. സമ്പത്ത് എന്നത് ശരിയായി വിനിയോഗിക്കാനുള്ള ദാനമാണ്.

**ഉപേക്ഷയിലൂടെ നേടലിലേക്ക്**

ഉപേക്ഷ എന്നത് ജീവിതത്തിന്റെ അനിവാര്യതയാണ്. സ്വന്തമെന്ന് കരുതി ചേർത്തുവയ്ക്കുന്ന പലതും ഉപേക്ഷിക്കേണ്ടവയാണ്. ഉപേക്ഷയിലൂടെയാണ് നേടലിന്റെ സൗന്ദര്യം തിരിച്ചറിയാൻ സാധിക്കുക. സ്വരുകൂട്ടാനുള്ള സഹജവാസനയെ മനുഷ്യൻ അതിജീവിക്കുമ്പോൾ അവൻ സ്വതന്ത്രനായി മാറുന്നു. അതുകൊണ്ടാണ് നിങ്ങളുടെ നിക്ഷേപം ഭൂമിയിലല്ല സ്വർഗത്തിലാവണമെന്ന് ഗുരു ശിഷ്യരെ പഠിപ്പിക്കുന്നത്. സ്വരുകൂട്ടിവച്ചതൊക്കെ അത് അർഹരായവർക്കുകൂടി നിർലോഭമായി പങ്കുവയ്ക്കുമ്പോൾ സ്വർഗത്തിൽ നിക്ഷേപം വർധിക്കുന്നു.

ദൈവരാജ്യത്തെപ്രതി സകലതും ഉപേക്ഷിക്കുന്നവർക്ക് യേശു പ്രതിഫലം വാഗ്ദാനം ചെയ്യുന്നു. ചിലത് നഷ്ടപ്പെടുത്തിയെങ്കിൽ മാത്രമേ വിലപ്പെട്ട ചിലത് സംരക്ഷിക്കാനും നേടിയെടുക്കാനുമാകൂ. ഉപേക്ഷിക്കുന്നതിന്റെ അനേകമടങ്ങ് ഈ ലോകത്തിൽവച്ചുതന്നെ അവർക്ക് ലഭ്യമാകും എന്ന് സുവിശേഷം. വരാനിരിക്കുന്ന കാലത്ത് അവർ നിത്യജീവനും പ്രാപിക്കും. ക്രിസ്തുവിലേക്കുള്ള യാത്ര വെട്ടിപ്പിടിക്കാനുള്ളതല്ല നഷ്ടപ്പെടുത്താനുള്ളതാണ്. അത് രക്ഷാകരമാകുന്നത് ഉപേക്ഷയിലൂടെയാണ്, സഹനത്തിലൂടെയാണ്, ത്യാഗത്തിലൂടെയാണ്,  മരണത്തിലൂടെയാണ്.

**ഫാ. ഐസക് സാം പത്തിയിൽ oic**



www.malankaralibrary.com

സെപ്തം
08

# വി. ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ

## യോഹ 19:25-27

പരി.കന്യകാമറിയത്തിന്റെ ജന്മദിനമായി സെപ്തംബർ എട്ട് കത്തോലിക്കാസഭ നിശ്ചയിക്കാൻ കാരണം ഡിസംബർ എട്ടിന് പരി. അമ്മയുടെ അമലോത്ഭവത്തിരുനാൾ ആഘോഷിക്കുന്നതിനാലാണ്. ഒമ്പത് മാസങ്ങൾക്കു ശേഷം മാതാവിന്റെ ജന്മദിനം ഓർക്കുന്നു. മാതാവിന്റെ ജനനത്തെക്കുറിച്ചോ ശൈശവത്തെക്കുറിച്ചോ വിശുദ്ധ ബൈബിളിൽ രേഖപ്പെടുത്തിയിട്ടില്ല. മാതാവിന്റെ ജനനത്തെക്കുറിച്ച് ബൈബിളിൽ ഇല്ലെങ്കിലും പുതിയ നിയമം എഴുതപ്പെട്ട ഏതാണ്ട് അതേകാലത്തുതന്നെ(145)എഴുതപ്പെട്ട യാക്കോബിന്റെ സുവിശേഷത്തിൽ (*Protoevangelium of James,*5:2) സൂചനകളുണ്ട്.

കത്തോലിക്കാസഭ പരി.മറിയത്തിന്റെ ജന്മദിനം ആചരിക്കാൻ കാരണമെന്താണെന്നാണ് പ്രധാനമായും നാം ഇന്ന് ചിന്തിക്കുന്നത്. കത്തോലിക്കർ യേശുവിന്റെ ജന്മദിനം ആഘോഷിക്കുന്നുണ്ട്. അത് ഒഴിവാക്കിയാൽ, പരി. മറിയത്തിന്റെയും സ്നാപകയോഹന്നാന്റെയും ജന്മദിനങ്ങൾമാത്രമാണ് സഭ ആഘോഷിക്കുന്നത്. ജന്മപാപത്തിൽനിന്ന് വിടുതൽനേടിയാണ് ഇവർ രണ്ടുപേരും ജനിച്ചത് എന്നതിനാലാണ് ഇവരുടെ രണ്ടുപേരുടെയും ജന്മദിനം പ്രത്യേകമായി ഓർക്കുന്നത്. യേശുവിന്റെ ജനനത്തെ മുന്നിൽകണ്ടുകൊണ്ട് മറിയം ജന്മപാപമില്ലാതെ ജനിക്കാൻ ദൈവമിടയാക്കി. മാതാവിനെ 'കൃപനിറഞ്ഞവൾ' എന്നാണ് മാലാഖ ദൈവഹിതപ്രകാരം ആശംസിച്ചത്. 'ദൂതൻ അവളുടെ അടുത്തുവന്നുപറഞ്ഞു: ദൈവകൃപനിറഞ്ഞവളേ! സ്വസ്തി, കർത്താവ് നിന്നോടുകൂടെ!' (ലൂക്കാ 1:28).

പരി.അമ്മ ജന്മത്തിന്റെ ആദ്യനിമിഷംമുതൽ ദൈവകൃപയുടെ നിറവിലായിരുന്നു. മാതാവിന് പിതാവായ ദൈവം കൊടുത്ത അനുഗ്രഹമായിരുന്നു തന്റെ പുത്രനായ യേശുവിന്റെ അമ്മയാവുകയെന്നത്. അതിനാൽ ദൈവംതന്നെ മുൻകൈയെടുത്ത് ഉത്ഭവപാപമില്ലാതെ ജനിക്കാൻ മാതാവിന് അനുഗ്രഹം നല്കി. 'ദൈവകൃപ നിറഞ്ഞവൾ' എന്ന സ്വർഗീയവെളിപ്പെടുത്തൽ വിശുദ്ധ ബൈബിളിലുള്ളതിനാ



www.malankaralibrary.com

ലാണ് കത്തോലിക്കാസഭ മാതാവിനെ അമലോത്ഭവയായി ബഹുമാനിക്കുന്നത്. കൃപയില്ലാത്ത ഒരുനിമിഷംപോലും പരി. മാതാവിന്റെ ജീവിതത്തിൽ ഉണ്ടായിരുന്നില്ല. ഉത്ഭവപാപത്തിന് കാരണം ആദിമാതാപിതാക്കന്മാരുടെ പാപമാണല്ലോ. യേശുവിന്റെ കുരിശിലെ പരിപൂർണമായ അനുസരണമാണ് ആദത്തിന്റെയും ഹവ്വായുടെയും പാപംവഴി പിശാചിന് മനുഷ്യവർഗത്തിന്റെമേൽ ലഭിച്ച അധികാരം ഇല്ലാതാക്കിയത്. വി. യോഹന്നാൻ എഴുതി: "പാപം ചെയ്യുന്നവൻ പിശാചിൽനിന്നുള്ളവനാണ്, എന്തെന്നാൽ, പിശാച് ആദിമുതലേ പാപം ചെയ്യുന്നവനാണ്. പിശാചിൻെറ പ്രവൃത്തികളെ നശിപ്പിക്കുന്നതിനുവേണ്ടിയാണുദൈവപുത്രൻ പ്രത്യക്ഷനായത്" (1 യോഹ 3:8).

യേശു തന്റെ കുരിശിലെ മരണത്തിലൂടെ നേടാനിരുന്ന പിശാചിന്റെമേലുള്ള വിജയത്തിന്റെ ഫലമാണ് മാതാവിന് മുൻകൂട്ടി യേശുവിന്റെ കുരിശിലെ മരണത്തിനുമുമ്പുതന്നെ ദൈവം ദാനമായി നല്കിയത്. ഇക്കാരണത്താലാണ് കത്തോലിക്കാസഭ മാതാവിന്റെ ജന്മദിനം ആഘോഷിക്കുന്നത്. സ്നാപകയോഹന്നാനാകട്ടെ, അദ്ദേഹം അമ്മയുടെ ഉദരത്തിലായിരിക്കുമ്പോൾത്തന്നെ പരി. മാതാവിന്റെ സന്ദർശനഫലമായി പരിശുദ്ധാത്മാവിനാൽ നിറഞ്ഞതിനാലാണ് അദ്ദേഹത്തിന്റെ ജന്മദിനം സഭ ആഘോഷിക്കുന്നത്.

പരിശുദ്ധ അമ്മ തന്റെ ഉദരത്തിൽ ശിശുവായ യേശുവിനെ വഹിച്ചുകൊണ്ടാണല്ലോ എലിസബത്തിനെ സന്ദർശിച്ചതും സ്നാപകൻ പരിശുദ്ധാത്മാവിനാൽ നിറഞ്ഞതും. അതിനാൽ സഭാപിതാക്കന്മാർ മാതാവിനെ 'പുതിയനിയമത്തിലെ വാഗ്ദാനപേടക'മെന്ന് വിളിക്കുന്നു. ദൈവം ഇസ്രായേൽക്കാരോട് പ്രധാനമായും സംസാരിച്ചത് വാഗ്ദാനപേടകത്തിനുമുകളിലുള്ള കെരൂബുകളുടെ ഇടയിൽ സന്നിഹിതനായിട്ടാണ്. പേടകത്തിനകത്ത് ഇസ്രായേൽക്കാർ സൂക്ഷിച്ചിരുന്നത് മൂന്നുകാര്യങ്ങളാണ്. മന്ന– ദിവ്യകാരുണ്യമായ യേശുവിന്റെ പ്രതീകമാണ്. വചനപ്പലകകൾ– വചനമായ യേശുവിനെ സൂചിപ്പിക്കുന്നു. അഹറോന്റെ തളിർത്തവടി– യേശുവിന്റെ പൗരോഹിത്യത്തിലേക്ക് വിരൽചൂണ്ടുന്നു. അതിനാലാണ് പരി. മാതാവിനെ 'പുതിയ നിയമത്തിലെ വാഗ്ദാനപേടക'മായി വിശേഷിപ്പിക്കുന്നത്.

പരി.മാതാവിനും സ്നാപകയോഹന്നാനും ലഭിച്ച അതേകൃപയിൽ നാമിന്ന് കൗദാശികമായി പങ്കുകാരാകുന്നത് ജ്ഞാനസ്നാനം വഴിയാണ്. ജ്ഞാനസ്നാനത്തിലൂടെ യേശുവിന്റെ മരണത്തിന്റെയും ഉയിർപ്പിന്റെയും സമ്മാനമായ പരിശുദ്ധാത്മാവിനെ നാം സ്വീകരിക്കുന്നു. യേശുക്രിസ്തുവിനുമാത്രമേ ഒരുവ്യക്തിയെ പരിശുദ്ധാത്മാവി



www.malankaralibrary.com

നാൽ വീണ്ടുംജനിപ്പിച്ച് ഉത്ഭവപാപത്തിന്റെ ബന്ധനത്തിൽനിന്ന് മോചിപ്പിക്കാൻകഴിയൂ. പരി. മാതാവിന് ഒരു പ്രത്യേക ആനുകൂല്യമായി ഇത് ഉത്ഭവത്തിന്റെ ആദ്യനിമിഷംതന്നെ ദൈവം ദാനമായി നല്കി. അതിനാലാണ് മാലാഖ പരി.മറിയത്തെ 'ദൈവകൃപനിറഞ്ഞവൾ' എന്നും എലിസബത്ത് മാതാവിനെ 'സ്ത്രീകളിൽ ഏറ്റവും അനുഗൃഹീത'യെന്നും സംബോധനചെയ്തത്. 'അവൾ ഉദ്ഘോഷിച്ചു: നീ സ്ത്രീകളിൽ അനുഗൃഹീതയാണ്. നിൻെറ ഉദരഫലവും അനുഗൃഹീതം' (ലൂക്കാ1:42). ഒരിക്കൽ യേശു പറഞ്ഞു: 'സ്വർഗസ്ഥനായ എൻെറ പിതാവിൻെറ ഇഷ്ടം നിറവേറ്റുന്നവനാരോ അവനാണ് എൻെറ സഹോദരനും സഹോദരിയും അമ്മയും' (മത്താ 12:50)എന്ന്. വചനം കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നതുവഴി എന്റെ അമ്മയുടെ ആത്മീയനിലയിലേക്ക് നിങ്ങൾക്കും വളരാൻ കഴിയുമെ ന്നാണ് ഇതുപറഞ്ഞപ്പോൾ യേശു ഉദ്ദേശിച്ചത്. നമുക്കും മാമ്മോദീ സാവഴിയും തുടർന്നുള്ള വചനപാലനംവഴിയും പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പാപം ഉപേക്ഷിച്ച് ജീവിക്കാൻ കഴിയും. മാതാവിന്റെ ജന്മദിനത്തിൽ മാതാവിനെ ബഹുമാനിക്കാനുള്ള ഏറ്റവും നല്ല മാർഗം യേശു പറയുന്നതനുസരിച്ച് പാപം ഉപേക്ഷിച്ച് ജീവിക്കുമെന്ന് പ്രതിജ്ഞചെയ്യുകയാണ്. നമ്മെക്കുറിച്ചുള്ള മാതാവിന്റെ പ്രധാന ആഗ്രഹം അതുതന്നെയാണ്.

**ചില അനുബന്ധ ചിന്തകൾ:** 1. സ്വന്തം കുറ്റംകൊണ്ടല്ലാതെ ജീവിതത്തിൽ ചില സഹനങ്ങളിലൂടെ കടന്നുപോകുന്നവരോട് അവഗണനയല്ല കാണിക്കേണ്ടത്; പരിഗണനയാണ്. ജന്മത്താലോ പിന്നീടോ വന്നുഭവിച്ച രോഗങ്ങൾ, മക്കളില്ലാത്ത അവസ്ഥ എന്നിവ ഇതിൽപ്പെടും. യൊവാക്കീമും അന്നയും ബന്ധുക്കളാൽ അവഗണിക്കപ്പെട്ടെങ്കിലും ദൈവം അവരെ തക്കസമയത്ത് അനുഗ്രഹിച്ചു. മക്കൾ ഇല്ലാത്തതിന്റെപേരിൽ അവഗണിക്കപ്പെടുന്ന ദമ്പതികൾ ഇക്കാലത്തുമുണ്ടല്ലോ.

2. ദൈവത്തിൽ പരിപൂർണമായി പ്രത്യാശവയ്ക്കുന്നവർ പ്രാർത്ഥനയിൽ തുടരുന്നുവെങ്കിൽ ജീവിതത്തിൽ ദൈവത്തിന്റെ ഇടപെടൽ അത്ഭുതകരമായിപ്പോലും പ്രതീക്ഷിക്കാവുന്നതാണ്. സ്വന്തംകുറ്റംകൊണ്ടല്ലാതെ ഒരു വ്യക്തി കടന്നുപോകുന്ന എല്ലാ സഹനങ്ങളിലും ദൈവത്തിന്റെ കൈയൊപ്പുണ്ട്. അത് ക്രമേണ നന്മയായിമാറും. യൊവാക്കീമിനും അന്നയ്ക്കും കുറച്ചുവൈകിയാണെങ്കിലും



www.malankaralibrary.com

യേശുവിന്റെ അമ്മയാകേണ്ട മറിയത്തെയാണ് മകളായി ദൈവം നല്കിയത്. ഓരോ കുഞ്ഞും ദൈവത്തിന്റെ സമ്മാനമാണ്. അവർ വളർന്ന് ലോകത്തിന് എത്രയോ നന്മകൾ ചെയ്യാനുള്ളവരാണ്. ശിശുക്കളെ ദൈവദാനമെന്നനിലയിൽ ബഹുമാനപൂർവം സ്നേഹിക്കുക; പരിശീലിപ്പിക്കുക.

3. പരി. അമ്മ നമ്മുടെ ഓരോരുത്തരുടേയും അമ്മയാണ്, അതിനാലാണ് നാം അമ്മയുടെ ജന്മദിനം ആഘോഷിക്കുന്നത്. കുരിശിന്റെ ചുവട്ടിൽവച്ച് യോഹന്നാനോട് യേശു പറഞ്ഞു: "ഇതാ നിന്റെ അമ്മ" (യോഹ 19:26). യോഹന്നാൻ എല്ലാ ക്രിസ്ത്യാനികളുടെയും പ്രതിനിധിയായി പരി. അമ്മയെ തന്റെ അമ്മയായി സ്വീകരിച്ചു. ഓരോ ക്രിസ്ത്യാനിയുടെയും വീണ്ടും ജനനത്തിന്റെ മാതാവാണ് പരി.കന്യകാമറിയം. പരി. മാതാവിന്റെ സാന്നിധ്യവും പ്രാർത്ഥനയും പരിശുദ്ധാത്മാവിനാൽ വീണ്ടും ജനിക്കാൻ നമ്മെ സഹായിക്കും.

4. യേശുവിന്റെ അമ്മയെ ബഹുമാനിക്കുന്നവർ സ്വന്തം അമ്മയെ തീർച്ചയായും ബഹുമാനിക്കും. എന്റെ സ്വന്തം അമ്മയോടുള്ള കടമകൾ ജന്മദിനം ഓർക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ഞാൻ മന:പൂർവ്വം അവഗണിക്കാറുണ്ടോ? എന്ന് ധ്യാനിക്കേണ്ട ദിവസംകൂടിയാണ് ഇന്ന്.

5. സെപ്തംബർ ഒന്നുമുതൽ എട്ടുവരെ നോമ്പുനോക്കുന്നരീതി പല മലയാളികളുടെയും ഇടയിലുണ്ട്. അതിനൊരു ചരിത്രകാരണമുണ്ട്. 1789-ൽ തിരുവിതാംകൂർ കീഴടക്കുക എന്ന ലക്ഷ്യത്തോടെ ഒരു പടപ്പുറപ്പാടു നടന്നു. വിവരമറിഞ്ഞ തിരുവിതാംകൂറിലെ ക്രിസ്ത്യാനികൾ കൊല്ലപ്പെടുമെന്ന് ഭയന്ന് ദൈവാലയങ്ങളിൽ ഒരുമിച്ചുകൂടി ആക്രമണത്തിൽനിന്നു രക്ഷിക്കണമെന്ന് പ്രാർത്ഥിച്ചു. കൊടുങ്ങല്ലൂർകോട്ടയും ആയ്ക്കോട്ടയും ആലങ്ങാടും പറവൂരും കീഴടക്കി മൈസൂർസൈന്യം ആലുവാപ്പുഴവരെയെത്തി. പരി. മാതാവിന്റെ പ്രത്യേകമാധ്യസ്ഥ്യം യാചിച്ചുകൊണ്ട് ക്രിസ്ത്യാനികൾ കഠിനമായി ഉപവാസം അനുഷ്ഠിക്കാൻതുടങ്ങി. ഈ സമയത്ത് കാലവർഷം ശക്തമാവുകയും പെരിയാർ കരകവിഞ്ഞൊഴുകുകയും ചെയ്തു. ഇത് സൈനികനീക്കത്തെ തടഞ്ഞു. തുടർന്ന് മടങ്ങിപ്പോയ ശത്രുക്കൾ ബ്രിട്ടീഷുകാരുമായുള്ള യുദ്ധത്തിൽ കൊല്ലപ്പെട്ടു. അങ്ങനെയാണ് എട്ടുനോമ്പ് നോക്കുന്ന രീതി കേരളത്തിലുണ്ടായത്.

**ഡോ. ജോൺ എഫ്. ചെറിയവെളി VC**



www.malankaralibrary.com

വചനബോധി
സീറോമലങ്കര

സെപ്തം
13

# തേജസ്കരണശേഷം 6–ാം ഞായർ

## ഭാഷ്യം

<u>ലൂക്കാ 21:34-38</u>

### സന്ദർഭം

സമാന്തരസുവിശേഷങ്ങളിൽ 'യുഗാന്ത്യപ്രഭാഷണം' എന്നറിയപ്പെടുന്ന പ്രഭാഷണത്തിന്റെ ഭാഗമാണ് ഈ സുവിശേഷവാക്യങ്ങൾ. ലോകാവസാനത്തിൽ സംഭവിക്കാനിരിക്കുന്ന മനുഷ്യപുത്രനായ ഈശോയുടെ രണ്ടാംആഗമനവും ജറുസലെമിന്റെ നാശവും കൂട്ടിച്ചേർത്തുകൊണ്ടുള്ള പ്രഭാഷണമായാണ് ഇതു സഭയിൽ രൂപപ്പെട്ടത്. അതുകൊണ്ടുതന്നെ ഈ പ്രഭാഷണത്തിന്റെ വ്യാഖ്യാനം അല്പം സങ്കീർണമാണ്. എങ്കിലും ലോകാവസാനത്തിന്റെ പശ്ചാത്തലത്തിൽവേണം ഇന്ന് ഇതു വ്യാഖ്യാനിക്കാൻ. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം അവരുടെ മരണമാണ് ലോകാവസാനം. അ തുകൊണ്ട് മരണത്തെയും മരണാനന്തരജീവിതത്തെയും മുന്നിൽ കണ്ടുകൊണ്ട് ക്രിസ്തീയജീവിതം നയിക്കാനുള്ള ആഹ്വാനമാണ് ഈ വചനഭാഗം ഉൾക്കൊള്ളുന്നത്.

### സാരം

എല്ലാ മനുഷ്യരും ഒരിക്കൽ മരിക്കണം. മരണശേഷം വിധിയുമുണ്ടാകും. മരണത്തിനുശേഷമുള്ള വിധിയെ മുന്നിൽകണ്ടുകൊണ്ട്, ആ വിധിയെ നേരിടാൻതക്ക ഒരുക്കത്തോടെയും ആത്മവിശ്വാസത്തോടെയും ജീവിക്കണമെന്നാണ് ഈ വാക്കുകൾ അർത്ഥമാക്കുന്നത്. എപ്രകാരമാണ് ഒരുങ്ങിയിരിക്കേണ്ടതെന്നും ഇതിൽ സൂചനയുണ്ട്. ജാഗരൂകതയുള്ള ജീവിതം നയിക്കണം. അപ്രകാരമുള്ള ജീവിതം സ്വന്തമാക്കണമെങ്കിൽ സുഖലോലുപത, മദ്യാസക്തി, ജീവിതവ്യഗ്രത തുടങ്ങിയവ ജീവിതത്തിൽ ഇല്ലെന്ന് ഉറപ്പുവരുത്തണം.



www.malankaralibrary.com

അതിനുള്ള മാർഗ്ഗം പ്രാർത്ഥനയാണ്. അപ്രകാരം പ്രാർത്ഥനയിലൂടെ ശക്തിയാർജ്ജിച്ച് വിധിയാളനായ മിശിഹായെ കണ്ടുമുട്ടാൻ ഒരുങ്ങിയിരിക്കാൻ ഈശോ ആവശ്യപ്പെടുന്നു.

## സന്ദേശം

മനുഷ്യരായ നാമെല്ലാവരും മനുഷ്യസഹജമായ ദുർബലതയുള്ളവരാണ്. സുഖലോലുപത, മദ്യാസക്തി, ജീവിതവ്യഗ്രത തുടങ്ങിയവയെല്ലാം നമ്മെ അടിമപ്പെടുത്താനുള്ള സാധ്യത എപ്പോഴുമുണ്ട്. അതുകൊണ്ട് ഇപ്രകാരമുള്ള തിന്മകൾക്കെതിരെ ജാഗരൂകത പാലിക്കുകയും അവയ്ക്ക് അടിമപ്പെടാതിരിക്കാൻ കരുത്താർജ്ജിക്കുകയും വേണം. അതിനുള്ള കരുത്ത് നമുക്കു നല്കുന്നത് നാം മാമ്മോദീസായിൽ സ്വീകരിച്ചതും കൂദാശാജീവിതത്തിലൂടെ തുടർച്ചയായി സ്വീകരിക്കുന്നതുമായ പരിശുദ്ധാരൂപിയാണ്. അതുകൊണ്ട് പ്രാർത്ഥനാജീവിതത്തിലൂടെയും കൂദാശാജീവിതത്തിലൂടെയും പരിശുദ്ധാരൂപിയുടെ സാന്നിധ്യത്തോടും പ്രവർത്തനങ്ങളോടുമുള്ള ഉണർവോ ടെ നിരന്തരം ജീവിക്കാൻ നാം ശ്രദ്ധിക്കണം.

**ഡോ. മാത്യു വെള്ളാനിക്കൽ**

---

# പ്രസംഗം

## പ്രാർത്ഥിച്ച് ജാഗരൂകരാകാം

ആരാധനക്രമവത്സരത്തിലെ പുതിയൊരു കാലത്തിലേക്കു നാം പ്രവേശിക്കുകയാണ് (സെപ്തംബർ 14 സ്ലീബാക്കാലം). യേശുവിന്റെ രണ്ടാമത്തെ ആഗമനത്തിന്റെ ഓർമപ്പെടുത്തലുകളാണ് വരുംദിവസങ്ങളിൽ നാം വായിച്ചുകേൾക്കുക. ആദിമ ക്രൈസ്തവസമൂഹത്തിന്റെ വലിയ പ്രാർത്ഥനയായിരുന്നു 'മാറാനാത്താ' – നാഥാ വേഗം വരണമേ എന്നുള്ളത്. യേശുതമ്പുരാന്റെ രണ്ടാമത്തെ ആഗമനത്തെക്കുറിച്ച് ബോധ്യമുള്ളവരായിരിക്കാൻ സഭ നമ്മെ ഉദ്ബോധിപ്പിക്കുന്നു.

ഇന്ന് സഭാമാതാവ് വിചിന്തനത്തിനായി നമുക്ക് നൽകിയിരിക്കുന്ന സുവിശേഷഭാഗം ലൂക്കാ 21:34–38 നമ്മുടെ പാപങ്ങളിൽനിന്നും പിന്തിരിയാനുള്ള ഉദ്ബോധനമാണ്. നമ്മൾ നിസ്സാരവൽക്കരിച്ചുകാണുന്ന പാപങ്ങളെയാണ് ഇന്നത്തെ സുവിശേഷത്തിൽ നാം കണ്ടു



www.malankaralibrary.com

മുട്ടുന്നത്. സുഖലോലുപത, മദ്യാസക്തി, ജീവിതവ്യഗ്രത. നയനമനോശാരീരിക സുഖലോലുപതകളിൽ മുങ്ങിയാണ് ഇന്നത്തെ തലമുറയുടെ സഞ്ചാരം. ഈ സഞ്ചാരത്തിനൊപ്പം ഒഴുക്കിൽപ്പെട്ടതുപോലെ ക്രിസ്തുവിന്റെ അനുയായികളും ആയിത്തീർന്നിരിക്കുന്നു. ലോകത്തിന്റെ ഒഴുക്കിനെതിരെ നീന്താനുള്ള ക്രിസ്തുവിന്റെ ആഹ്വാനം നാം മനഃപൂർവം പിന്നിലുപേക്ഷിക്കുന്നു. ശരീരത്തിന്റെ സൗന്ദര്യം കൂട്ടാനും ശരീരം പുഷ്ടിപ്പെടുത്താനും ലോകത്തിൽ എന്തൊക്കെ കിട്ടുമോ അതെല്ലാം ഉപയോഗിക്കാൻ നമ്മളൊക്കെ ഒരുക്കമാണ്. ദൈവം നല്കിയ പ്രകൃതിദത്തസൗന്ദര്യം ഇന്നാരും മാനിക്കുന്നില്ല. കൂടുതൽ സുന്ദരന്മാരും സുന്ദരികളുമായി എല്ലാവരെയും തന്നിലേക്കാകർഷിക്കാനാണ് എല്ലാവർക്കും ഇഷ്ടം. എല്ലാവിധ സുഖസൗകര്യങ്ങളും മനുഷ്യനിന്ന് സംലഭ്യമാണ്. അതുകൊണ്ടുതന്നെ പങ്കുവയ്പ്പും പരസ്പരാശ്രയത്വവുമൊക്കെ കുറഞ്ഞുതുടങ്ങിയിരിക്കുന്നു. ഒളിച്ചോട്ടങ്ങളുടെയും പീഡനങ്ങളുടെയും വാർത്തകളാണ് മാധ്യമങ്ങളിൽ ഇടം പിടിക്കാൻ മത്സരിക്കുന്നത്. പെറ്റകുഞ്ഞിനെപ്പോലും ഉപേക്ഷിച്ചുപോകുന്ന അമ്മമാരും കുടുംബത്തെ മുഴുവനായി അനാഥത്വത്തിലേക്ക് തള്ളിവിട്ടിട്ട് സ്വന്തംസുഖം തേടിപ്പോകുന്ന അപ്പന്മാരും ഇന്ന് നമുക്ക് ചുറ്റും സുലഭമാണ്. സ്വന്തസുഖത്തിനുവേണ്ടി കൊലപാതകം, മോഷണം മുതലായ പാപങ്ങളിലേക്കും എ ത്തിച്ചേരുന്നു.

ആഘോഷങ്ങൾ എന്നതിന്റെ പര്യായമായി മദ്യപാനം മാറിക്കഴിഞ്ഞു. ഇന്ന് മലയാളിക്ക് മദ്യമില്ലാത്ത ആഘോഷങ്ങളോ കൂട്ടായ്മകളോ ഇല്ല. കൂദാശാനുഷ്ഠാനങ്ങൾക്കുശേഷം ഇന്ന് മദ്യത്തിന്റെ അകമ്പടി നമ്മുടെ ഭവനങ്ങളിൽ ഒരു ഭാഗമായിക്കഴിഞ്ഞു. കൂദാശ എന്നാൽ വിശുദ്ധീകരിക്കുക എന്നാണർത്ഥം. ഈ വിശുദ്ധീകരണത്തിന്റെ കൃപമുഴുവൻ മദ്യം നമ്മുടെ ഭവനങ്ങളിൽനിന്നും കഴുകിക്കളയുന്നു. ആധുനിക തലമുറയുടെ ഏറ്റവും വലിയ പാപങ്ങളിലൊന്ന് ജീവിതവ്യഗ്രതയാണ്. പ്രാർത്ഥിക്കാനും പള്ളിയിൽ പോകാനും മാത്രം ഇന്ന് നമുക്കുസമയമില്ല. ജീവിതത്തിന്റെ ഓട്ടത്തിനിടയ്ക്ക് യേശുവിനെയും പ്രാർത്ഥനയെയും നാം മറന്നുപോകുന്നു.

ഇതെല്ലാം സാത്താന്റെ കെണിയാണെന്ന് ലൂക്കാസുവിശേഷകൻ ഓർമപ്പെടുത്തുന്നു. എലിക്കെണിയിൽ തേങ്ങാപ്പൂൾ ഇട്ടുവയ്ക്കുന്നത് എലിയോടുള്ള സ്നേഹംകൊണ്ടല്ലല്ലോ? ഈ കെണിയിൽനിന്നും



www.malankaralibrary.com

മാറിനിൽക്കാൻ സുവിശേഷകൻ നമ്മെ ഉദ്ബോധിപ്പിക്കുന്നു. ഈ കെണിക്കുള്ളിൽനിന്നും മാറിജീവിക്കുമ്പോൾ മാത്രമേ ദൈവത്തിന്റെ മുമ്പിൽ ദൈവതിരുമുഖശോഭകണ്ടു പ്രസാദിക്കാൻ നമുക്ക് സാധിക്കുകയുള്ളു. എപ്പോഴും ദൈവം ജാഗ്രത ആവശ്യപ്പെടുന്നുണ്ട്. കാരണം, അവൻ വരുന്ന മണിക്കൂറോ സമയമോ നമുക്കറിഞ്ഞുകൂടല്ലോ. യേശു എല്ലാ ദിവസത്തെയും പഠിപ്പിക്കലിനുശേഷം ഒലിവുമലയിലേക്ക് പിൻവാങ്ങി. ഒലിവുമല യേശുതമ്പുരാന് എന്നും പ്രിയപ്പെട്ടതാണ്. കാരണം പിതാവായ ദൈവത്തോട് ഒന്നായിരുന്ന സമയമാണ്. ഇന്നത്തെ സുവിശേഷവും ഈ ഒരു പിൻവാങ്ങൽ നമ്മിൽ നിന്നും ആവശ്യപ്പെടുന്നുണ്ട്. ലോകത്തിന്റെ ആരവങ്ങളിൽനിന്നും ദൈവാലയത്തിന്റെ നിശബ്ദതയിലേക്കുള്ള പിൻവാങ്ങൽ. വിശുദ്ധിയോടെ ലോകത്തിനുസാക്ഷ്യമാകാനുള്ള ഒരുക്കത്തിനുവേണ്ടിയുള്ള പിൻവാങ്ങൽ.

**ഫാ. തോമസ് തൈക്കാട്ട്**



www.malankaralibrary.com

സെപ്തം 20

# സ്ലീബാപ്പെരുന്നാളിനുശേഷം 1–ാം ഞായർ

## ഭാഷ്യം

### മർക്കോ 13:28–37

### സന്ദർഭം

ഒലിവുമലയിൽവച്ച് അന്ത്യവിധിയെക്കുറിച്ച് ഈശോ നൽ കുന്ന പ്രബോധനത്തിന്റെ (മർക്കോ 13:3–37) അവസാനഭാഗമാണ് ഇന്നത്തെ സുവിശേഷം. അന്ത്യവിധിക്കായി മനുഷ്യപുത്രൻ വരുന്ന തെപ്പോൾ എന്ന ചോദ്യത്തിനുള്ള ഉത്തരമാണ് ഇതിലെ പ്രതിപാദ്യ വിഷയം.

### സാരം

ഒലിവുമലയുടെ കിഴക്കൻചെരുവിൽ അത്തിവൃക്ഷങ്ങൾ ധാരാളമായി ഉണ്ടായിരുന്നുവെന്നതിന് സുവിശേഷകൻ സൂചന നൽകുന്നുണ്ട് (മർക്കോ 11:12–14). ശൈത്യകാലത്ത് ഇലകളെല്ലാം കൊഴിഞ്ഞ് ഉണങ്ങിയപോലെ നിൽക്കുന്ന അത്തിവൃക്ഷം വസന്തത്തിന്റെ അവസാനത്തിൽ മാത്രമാണ് തളിർക്കാനാരംഭിക്കുന്നത്. വേനൽക്കാലമടുത്തു എന്നതിന്റെ തെളിവായിരുന്നു അത്. അതുപോലെ മനുഷ്യപുത്രൻ വരുന്ന ദിവസമോ മണിക്കൂറോ കൃത്യമായി അറിയില്ലെങ്കിലും ജാഗ്രതയോടെ ഇരിക്കണമെന്ന് ഈശോ പഠിപ്പിക്കുന്നു. ഈ സുവിശേഷഭാഗത്തിന്റെ കേന്ദ്രമായ 'ആകാശവും ഭൂമിയും കടന്നുപോകും, എന്നാൽ എന്റെ വചനങ്ങൾ കടന്നുപോവുകയില്ല' (13:31, ഏശ 40: 8; 51:6) എന്ന ക്രിസ്തുവചനങ്ങൾ അന്ത്യവിധിയെക്കുറിച്ചുള്ള പ്രബോധനങ്ങൾ തീർച്ചയായും സംഭവിക്കും എന്നതിനുള്ള ഉറപ്പാണ്.



www.malankaralibrary.com

## സന്ദേശം

ലോകത്തിൽ അവിടവിടെയായി നടക്കുന്ന ചില ആനുകാലിക സംഭവങ്ങൾ കർത്താവിന്റെ ദിവസത്തിന്റെ അടയാളങ്ങളാണോ എന്നു സംശയിച്ചിരിക്കുന്നതിനേക്കാൾ, അത് എപ്പോൾ വേണമെങ്കിലും സമാഗതമാകാം എന്നുള്ള ഉറപ്പിൽ ജാഗ്രതയോടുകൂടി തങ്ങളുടെ കടമകൾ ചെയ്തുകൊണ്ട് എല്ലാവരും ഒരുങ്ങിയിരിക്കണം എന്നാണ് ഈശോ ആഗ്രഹിക്കുന്നത്. എന്നാൽ ജാഗ്രതയില്ലാതെ ഉറക്കത്തിൽ കഴിയുന്നവർ തിരസ്കൃതരാവും.

**ഡോ. പോൾ കുഞ്ഞാനയിൽ mcbs**

---

# പ്രസംഗം

## ദൈവോന്മുഖരായി ഒരുങ്ങിയിരിക്കാം

അനുസരണക്കേടുമൂലം ദൈവക്രോധത്തിനുപാത്രമായിതീർന്ന്, ദൈവികപറുദീസയായ ഏദനിൽനിന്നും പുറംതള്ളപ്പെട്ട ആദത്തെയും അവന്റെ സന്തതിയെയും മോചിപ്പിക്കാനായി, ആദത്തിന്റെ സന്തതികളിലൊരുവനായി ജനിച്ച്, ആത്മബലിയിൽകൂടി തന്റെ ദൗത്യം നിറവേറ്റി, ആദാമിനെ ദൈവവുമായി രഞ്ജിപ്പിക്കുകയും അങ്ങനെ സ്വർഗവുമായി ഒരു പുനരൈക്യം സാധ്യമാക്കുകയും ചെയ്ത ക്രിസ്തുവിനെ അനുകരിച്ച വ്യക്തിയാണ് മാർ ഇവാനിയോസ്.

മാർ ഇവാനിയോസ് പിതാവിന്റെ ജീവിതദൗത്യവും പുനരൈക്യമായിരുന്നു. തന്റെ ദൗത്യനിർവഹണത്തിനായി മാതൃസഭയിൽനിന്നും വേർപെട്ടുപോയ മലങ്കരസുറിയാനി ക്രിസ്ത്യാനികളിലൊരുവനായി ജനിക്കുകയും ആർഷഭാരതസംസ്കാരത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ട് ബഥനി ആശ്രമം സ്ഥാപിക്കുകയും കാലാന്തരത്തിൽ മാതൃസഭയുമായി രഞ്ജിപ്പിച്ചു പുനരൈക്യം സാധ്യമാക്കുകയും ചെയ്തു. ഇതിന്റെ അവസാനനിമിഷത്തിലും കൂടെനിന്ന് വേണ്ട പ്രചോദനം നൽകുകയും പ്രേരിപ്പിക്കുകയും ചെയ്യേണ്ടവർ പിന്തിരിഞ്ഞിട്ടും ഒട്ടും നഷ്ടധൈര്യനാവാതെ നേടിയതെല്ലാം ഉപേക്ഷിച്ച്, യഥാർത്ഥ ആത്മ പരിത്യാഗത്തിന്റെ മൂർത്തീഭാവമായി നിലകൊണ്ടു.

ക്രിസ്തു സ്ഥാപിച്ച പുനരൈക്യവും മാർ ഇവാനിയോസിലൂടെ മലങ്കരമക്കൾക്ക് സാധ്യമായ പുനരൈക്യവും കടലിലെയും കൈ



www.malankaralibrary.com

ക്കുമ്പിളിലെയും ജലം തമ്മിലുള്ള അന്തരമുണ്ടെങ്കിലും അവ സാരാംശത്തിൽ ഒന്നുതന്നെയായതിനാൽ ക്രിസ്തുദർശനത്തോട് ചേർത്തുനിർത്തിവേണം മലങ്കരപുനരൈക്യദിനത്തിലെ ചിന്തകളെ നാം കാണേണ്ടത്.

എപ്പോഴും ജാഗ്രതയുള്ളവരായിരിക്കാൻ ഉദ്ബോധിപ്പിക്കുന്ന തിരുവചനഭാഗമാണ് വിചിന്തനം. മനുഷ്യപുത്രൻ എപ്പോൾവേണമെങ്കിലുംവരാം. അവൻ എപ്പോൾ വന്നാലും ഒരുക്കത്തോടെ അവന്റെ വിളിക്കായി കാതോർത്തിരിക്കാൻ തയ്യാറായിരിക്കണം എല്ലാവരും എന്ന് വചനം ഓർമപ്പെടുത്തുന്നു. കാലത്തിന്റെ അടയാളങ്ങളെ വിവേചിച്ചറിയുവിൻ എന്ന് യേശു പറയുന്നുണ്ട്. ഇന്ന് നാം ജീവിക്കുന്ന കാലഘട്ടത്തിൽ ഇത്തരം അടയാളങ്ങൾ വളരെയേറെയുണ്ട് എന്ന് നമുക്കറിയാം. പ്രളയത്തിന്റെയും മഹാമാരികളുടെയും പ്രകൃതിദുരന്തങ്ങളുടെയും അപകടങ്ങളുടെയും രൂപത്തിൽ പലതും സംഭവിക്കുന്നുണ്ടല്ലോ? ഇവയൊക്കെ കണ്ണുതുറന്ന് കണ്ട് അവയിൽ മനം നൊന്ത് വിഷമിക്കുന്നവരാണ് നാമൊക്കെ. ദൈവത്തിന്റെ ഹിതം എന്നുമാത്രമേ നമുക്ക് അതിനെയൊക്കെ വിശേഷിപ്പിക്കാൻ പറ്റൂ. എന്നാൽ ദൈവത്തിന്റെ കരുണ ലോകത്തിന്റെമേൽ വർഷിക്കപ്പെടാൻ വേണ്ടി നാം ഒന്നുചേർന്ന് ഒരു സമൂഹമായി പ്രാർത്ഥിക്കുകയാണ് വേണ്ടത്.

ഈ പ്രപഞ്ചത്തിന് ഒരു താളമുണ്ട്. ആ താളം തെറ്റുന്നതായി കഴിഞ്ഞ കുറെ കാലങ്ങളിൽ നാം കാണുന്നുണ്ട്. ഒരു പരിധിവരെ ഈ താളംതെറ്റലിന് കാരണം മനുഷ്യരുടെ പ്രവർത്തികളാണ് എന്നു പറയാം. സ്വന്തം നേട്ടങ്ങൾക്കുവേണ്ടിയുള്ള നമ്മുടെ 'സ്വാർത്ഥനീക്കങ്ങൾ' പ്രകൃതിയുടെ സന്തുലിതാവസ്ഥയെത്തന്നെ തകർക്കാൻ കാരണമായിട്ടുണ്ട്. ഉണർന്നെണീക്കേണ്ട കാലഘട്ടമാണിത്. ഓരോരുത്തരും തീരുമാനമെടുക്കണം: ഞാൻമൂലം, എന്റെ പ്രവർത്തിമൂലം ഈ പ്രകൃതിയോ മറ്റുള്ളവരോ ഏതെങ്കിലും ജീവജാലങ്ങളോ വേദനിക്കരുത്. ഇപ്പോൾ മരിക്കാൻ പോകുകയാണെങ്കിൽ നിങ്ങൾ എന്തു ചെയ്യും എന്ന വി.ഡോൺബോസ്കോയുടെ ചോദ്യത്തിന് ഉത്തരമായി പന്തുകളിച്ചുകൊണ്ടിരുന്ന വി. ഡൊമിനിക് സാവിയോ "ഞാൻ എന്റെ പന്തുകളി തുടർന്നുകൊണ്ടേയിരിക്കും" എന്നുപറഞ്ഞത് നമുക്കൊക്കെ എത്രയോ വലിയ മാതൃകയാണ്. വിശുദ്ധിയുള്ള, നന്മയുള്ള ഒരു ഹൃദയമുണ്ടെങ്കിൽ എപ്പോൾ ദൈവം നമ്മുടെ ജീവനെ



www.malankaralibrary.com

ആവശ്യപ്പെട്ടാലും സമാധാനത്തോടെ, സന്തോഷത്തോടെ, വെപ്രാളപ്പെടാതെ അത് ദൈവത്തിന് സമർപ്പിച്ച് കടന്നുപോകാൻ സാധിക്കും. അതുകൊണ്ട് നമുക്ക് ഒരുക്കമുള്ളവരായിരിക്കാം. അനാവശ്യമായ മരണഭീതിയെ നീക്കിക്കളയാം.

വി. മർക്കോസിന്റെ സുവിശേഷം 13–ാം അദ്ധ്യായം 32–37 വാക്യങ്ങൾ ജാഗരൂകതയോടെ ഉണർന്നിരിക്കേണ്ട ആവശ്യകതയെക്കുറിച്ച് ശിഷ്യന്മാരെ യേശു ഉദ്ബോധിപ്പിക്കുന്നുണ്ട്. സ്ലീബാകാലത്തെ ആദ്യ ആഴ്ചയിലെ ഈ വായന യേശുവിന്റെ രണ്ടാമത്തെ വരവിനുവേണ്ടി ശിഷ്യഗണത്തെ ഒരുക്കുന്നതായാണ് നാം കരുതേണ്ടത്. ആയതിനാൽ ഓരോ പുനരൈക്യദിനവും ഒരു ഉണർത്തുപാട്ടാണ്. ക്രിസ്തുവിന്റെ വരവിനായി നമ്മെത്തന്നെ ഉണർത്തി നന്മയായി പ്രതികരിക്കാൻ ഉത്തേജനം നൽകുന്ന ഉണർത്തുപാട്ട്.

ഗൃഹനാഥൻ വരുന്നതും കാത്ത്, തന്റെ ഭവനത്തിലുള്ളവർക്ക് കൃത്യസമയത്ത് ഭക്ഷണം കൊടുത്ത്, ഏൽപ്പിച്ച ഉത്തരവാദിത്വം ചെയ്യുന്ന ഭൃത്യന്മാരാകാനാണ് നാം പരിശ്രമിക്കേണ്ടത്. ഈ പരിശ്രമത്തിൽ വിജയം വരിച്ച വ്യക്തിയാണ് ദൈവദാസൻ മാർ ഇവാനിയോസ്. ഹെബ്രാ 13:7 പഠിപ്പിക്കുന്നതുപോലെ "ദൈവവചനം പ്രസംഗിച്ച നേതാക്കന്മാരെ ഓർക്കുവിൻ; അവരുടെ ജീവിതചര്യയുടെ ഫലം കണക്കിലെടുത്ത് അവരുടെ വിശ്വാസം അനുകരിക്കുവിൻ."

ഈ സ്ലീബാകാലത്ത് ദൈവോന്മുഖമായി ജീവിച്ച നമ്മുടെ പിതാവായ മാർ ഇവാനിയോസിന്റെ ജീവിതചര്യയനുസരിച്ച് അദ്ദേഹത്തിന്റെ വിശ്വാസം അനുകരിക്കുന്നവരായിത്തീരുന്നിടത്താണ് 'ഉറവിടങ്ങളിലേക്ക് മടങ്ങാനുള്ള' ഉദ്ബോധനം നമ്മുടെ ജീവിതത്തിൽ പ്രായോഗികമാകുക. കൊറോണയുടെ കാലഘട്ടത്തിലൂടെ കടന്നു പോകുമ്പോൾ ഇവാനിയൻ പ്രായോഗിക– ആധ്യാത്മികദർശനങ്ങൾ നമുക്ക് ജീവിതത്തിൽ അനുവർത്തിക്കാം. ഉദാ: 1. സുകൃതജപം– ചെറിയ ചെറിയ വചനഭാഗമോ പ്രാർത്ഥനകളോ ജപിക്കുക. 2. ശാന്തിദിനം– മാസത്തിലൊരു ദിവസം ജീവിതവിചിന്തനത്തിനായി മാറ്റിവയ്ക്കുക. അതുവഴി ജാഗരൂകതയോടെ, ദൈവോന്മുഖരായി ജീവിക്കാൻ നമുക്ക് കഴിയട്ടെ.

**ഫാ. ജിയോ oic**



www.malankaralibrary.com

സെപ്തം
27

# സ്ലീബാപ്പെരുന്നാളിനുശേഷം 2–ാം ഞായർ

## ഭാഷ്യം

മത്താ 16:5–12

### സന്ദർഭം

അനേകം രോഗികളെ സുഖപ്പെടുത്തുകയും (മത്താ 15:29–31) രണ്ടാമതും അപ്പം വർധിപ്പിച്ചു കൊടുക്കുകയും (മത്താ 15:32–39) ചെയ്തതിനുശേഷവും ഫരിസേയരും സദുക്കായരും യേശുവിനെ പരീക്ഷിച്ചുകൊണ്ട് സ്വർഗത്തിൽനിന്ന് അടയാളം ആവശ്യപ്പെടുന്നു. അവരുടെ കാപട്യത്തെക്കുറിച്ച് യേശു ശിഷ്യന്മാർക്കു മുന്നറിയിപ്പു കൊടുക്കുന്നതാണ് ഇന്നത്തെ സുവിശേഷ ഭാഗം.

### സാരം

പ്രബോധനങ്ങൾ പുളിമാവുപോലെയാണ്. അല്പം പുളിമാവ് മുഴുവൻ മാവിനെയും പുളിപ്പിക്കുന്നതുപോലെ പ്രബോധനങ്ങൾക്ക് വ്യക്തികളുടെയും സമൂഹത്തിന്റെയും ജീവിതത്തെ സമൂലം സ്വാധീനിക്കാനാവും. അവ തെറ്റായപ്രബോധനമാണെങ്കിൽ നമ്മെ തിന്മകളിലേക്കും അധഃപതനത്തിലേക്കും നയിക്കും എന്ന അപകടവും പതിയിരിപ്പുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ തെറ്റും ശരിയും തിരിച്ചറിഞ്ഞ് ശരിയായതുമാത്രം തിരഞ്ഞെടുക്കാനുള്ള സൂക്ഷ്മതയും ശ്രദ്ധയുമാണ് പ്രധാനം. (ശ്രദ്ധയോടെ വർത്തിക്കുക, സൂക്ഷ്മത കാണിക്കുക) എന്ന ക്രിയ മൂന്നുപ്രാവശ്യം ഉപയോഗിച്ചുകൊണ്ട് (6:11–12) സൂക്ഷ്മത കാണിക്കേണ്ടതിന്റെ ആവശ്യകതയെ ഈശോ ഊന്നിപ്പറയുന്നു.



www.malankaralibrary.com

## സന്ദേശം

ഈശോ അപ്പം വർധിപ്പിച്ചതിനു ശിഷ്യന്മാർ രണ്ടുപ്രാവശ്യം സാക്ഷികളായെങ്കിലും നിലവിൽ തങ്ങളുടെ കൈയിൽ അപ്പം ഇല്ലാത്തത് അവരിൽ ആകുലത ഉണ്ടാക്കുന്നുണ്ട്. അവരുടെ അല്പം വിശ്വാസമാണതിനുകാരണം (വാ.8). ശരീരത്തിനുവേണ്ട അപ്പത്തെക്കുറിച്ചുള്ള ആകുലത അധ്വാനത്തിലും ദൈവപരിപാലനയിലുള്ള വിശ്വാസത്തിലും ഉരുക്കിക്കളഞ്ഞ്, നിത്യജീവനിലേക്ക് നയിക്കുന്ന ക്രിസ്തുവചനങ്ങൾ പാലിക്കാനുള്ള ശ്രദ്ധയാണ് ക്രിസ്തുശിഷ്യനാവശ്യം.

**ഡോ. പോൾ കുഞ്ഞാനയിൽ mcbs**

---

# പ്രസംഗം

## ദൈവവചനമാകുന്ന പുളിമാവ്

ഫരിസേയരുടെയും സദുക്കായരുടെയും പുളിമാവിനെക്കുറിച്ച് ശിഷ്യർക്ക് മുന്നറിയിപ്പ് നല്കിയപ്പോൾ അവരുടെ ചിന്ത ബാക്കി വന്ന അപ്പക്കഷണങ്ങൾ എടുക്കാതിരുന്നതിനെക്കുറിച്ചാണെന്ന് തിരിച്ചറിഞ്ഞ യേശു അവരെ കുറ്റപ്പെടുത്തുകയാണ്. അപ്പം വർധിപ്പിക്കാൻ കഴിയുന്ന യേശുവിന്റെമുമ്പിൽ അപ്പത്തെക്കുറിച്ച് അവർ ആശങ്കപ്പെടേണ്ടിയിരുന്നില്ല. അതുകൊണ്ട് 'അല്പവിശ്വാസികൾ' എന്ന ശകാരം അവർക്ക് ഏറ്റുവാങ്ങേണ്ടിവന്നു. അവർക്ക് അക്കാര്യത്തിൽ യേശുവിൽ പൂർണവിശ്വാസമർപ്പിക്കാനായിരുന്നു അതേക്കുറിച്ച് ആശങ്കവേണ്ട എന്നുപറഞ്ഞു അവരെ യേശു പ്രോത്സാഹിപ്പിച്ചത്. എന്നാൽ എന്താണ് ഈ പുളിമാവെന്ന് യേശു വ്യക്തമാക്കുന്നില്ല. എന്നാൽ ഒരു സൂചന ഈ ഉപമയിൽ ഉണ്ട്. അല്പം പുളിമാവ് മൂന്നിടങ്ങഴി മാവ് മുഴുവൻ പുളിപ്പിക്കും. ഇവിടെ ദൈവവചനമാകുന്ന പുളിമാവ് ജനങ്ങളുടെയിടയിൽ സ്വർഗരാജ്യം വളർത്തുന്നു എന്നാണ് പറയുന്നത്. അത് പ്രോത്സാഹനജനകമാണ്. എന്നാൽ ഫരിസേയരുടെയും സദുക്കായരുടെയും പുളിമാവാകുന്ന പ്രബോധനങ്ങൾക്കെ



www.malankaralibrary.com

തിരെ ജാഗരൂകരായിരുന്നില്ലെങ്കിൽ അവർ ജനത്തെ വഴിതെറ്റിക്കും. അവർ അന്ധരായ മാർഗദർശികളാണ്.

യഹൂദരും ക്രിസ്തുശിഷ്യരും വേർപാടിലേക്ക് നീങ്ങുകയാണെന്ന സൂചന ഇവിടെ കാണാം. ക്രൈസ്തവസമൂഹം ഫരിസേയരുടെയും സദുക്കായരുടെയും വ്യാഖ്യാനം പിന്തള്ളി യേശുവിന്റെ പ്രബോധനം ഉൾക്കൊള്ളുന്നു. യേശു നിരന്തരമായി ഫരിസേയരുടെ നിയമത്തിലെ അപര്യാപ്തത എടുത്തുകാണിക്കുന്നു. യേശുവിന്റെ ശിഷ്യന്മാർ ഫരിസേയരുടെയും സദുക്കായരുടെയും പുളിമാവിൽനിന്ന് ജനത്തെ സംരക്ഷിക്കണം. നമ്മുടെ ജീവിതത്തിലെ പൊങ്ങച്ചവും ഈ പുളിമാവുതന്നെയാണ്. പലരും അവർക്കില്ലാത്തതിനെപ്പറ്റി ഉണ്ടെന്ന് പറഞ്ഞ് സ്വയം പൊങ്ങച്ചത്തിന്റെ ജീവിതം നയിക്കുന്നു. അവരുടെ ജീവിതം വെറും കപടതയാണ് അഥവാ അഭിനയമാണ്. ഉള്ളതിലധികം മേന്മ അവർ ഭാവിക്കുന്നു. തങ്ങൾ അല്പം വ്യത്യസ്തരാണെന്നവർ അഹങ്കരിക്കുന്നു. ഫരിസേയർ എന്ന പദത്തിന്റെ അർത്ഥംതന്നെ വ്യത്യസ്തർ എന്നാണ്. അവരുടെ വാക്കും പ്രവൃത്തിയും നിറയെ പുളിമാവിന് സദൃശ്യമായ പൊങ്ങച്ചജീവിതശൈലിയാണ്.

**ഫാ. മാത്യു ചിറയിൽ**



www.malankaralibrary.com

Date of Publication: 13 August 2020 / Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2018-20, KL/CR/EKM/WPP-13/2018-2020 (Page 22)

# ശ്രദ്ധയ്ക്ക്

കോവിഡ് 19-ന്റെ പ്രതിരോധ - നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി കേന്ദ്ര- സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ചിരിക്കുന്ന ലോക്ഡൗൺ പൂർണമായും നീക്കം ചെയ്തിട്ടില്ലാത്തതിനാലും അന്തർ സംസ്ഥാന തപാൽമാർഗം സുഗമമായിട്ടില്ലാത്തതിനാലും ആഗസ്റ്റ്മാസ വചനബോധിയും തപാൽമാർഗം അയക്കാൻ നിർവാഹമില്ല. അതിനാൽ E-mail, WhatsApp, Online എന്നീ മാർഗങ്ങളിലൂടെ അയക്കുന്നു. സദയം സഹകരിക്കുമല്ലോ.

- ചീഫ് എഡിറ്റർ

*Printed & Published by Fr. Jacob Naluparayil, Edited by Fr. Joy Chencheril, MCBS House, Perumanoor P.O, Kochi -15, Printed at Viani Printings, Kochi*

www.malankaralibrary.com